# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം കെ എസ് എ എം പി എം.4/1341/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)
3)കാര്യാലയ പകർപ്പ്

നമ്പർ: നം കെ എസ് എ എം പി എം.4/1341/2022 തീയ്യതി: 30/06/2022

## മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-07-2020 മുതൽ 31-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 08-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 01-06-2022 | 08-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-06-2022 | 08-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ദിനേശൻ എം, ഓഡിറ്റ് ഓഫീസർ

ശ്രീ ഷാജഹാൻ ഖുറൈശി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,

ശ്രീമതി.ജിഷ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ അബ്ദുസ്സലാം. പി , സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ ഇദ്രിസ് അബ്ദുള്ള എ.സി , ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അബ്ദുൾ കലാം മാസ്റ്റർ കരുണിയൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ജോബിൻ മാരുതി പറമ്പിൽ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ജോബിൻ മാരുതി പറമ്പിൽ | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ എ മാധവൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ ബിബിൻ എൻ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രേമലീല വി കെ | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രസന്ന പി | ശിശു വികസന പദ്ധതി ഓഫീസർ അഡീഷണൽ | 01-04-2019 | 31-03-2020 |
| ശ്രീമതി ഗായത്രി കെ എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 30-08-2019 |
| ശ്രീമതി. ഹസ്ന സി എച്ച് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 31-08-2019 | 19-09-2019 |
| ശ്രീ മഹേഷ് .പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 20-09-2019 | 31-03-2020 |
| ശ്രീമതി ലളിതാ ദേവി പി ടി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 10-11-2019 |
| ശ്രീമതി ഗിരിജ എം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 11-11-2019 | 16-11-2019 |
| ശ്രീമതി ലളിതാ ദേവി പി ടി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 17-11-2019 | 15-12-2019 |

| | | | |
|---|---|---|---|
| ശ്രീമതി സംഗീത വി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 16-12-2019 | 21-12-2019 |
| ശ്രീമതി ലളിതാ ദേവി പി ടി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 22-12-2019 | 31-03-2020 |
| ശ്രീ മുനീർ റഹ്മാൻ | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 16-04-2019 |
| ശ്രീ അനീഷ് ജോസ് | പട്ടികജാതി വികസന ഓഫീസർ | 17-04-2019 | 27-10-2019 |
| ശ്രീ മുനീർ റഹ്മാൻ | പട്ടികജാതി വികസന ഓഫീസർ | 28-10-2019 | 31-03-2020 |
| ഡോ. സുബൈർ എ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി കുഴിമണ്ണ) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 05-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 05-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 05-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Unni.P (Deputy Director, On 30-06-2022) | 1-4 |
| 5 | ഗ്രാന്റ് യൂട്ടിലൈസേഷൻ<br>Written By: Idrees Abdulla A.C. (Auditor, On 21-06-2022)<br>Last Updated By: Unni.P (Deputy Director, On 27-06-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 05-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 04-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 05-06-2022) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Unni.P (Deputy Director, On 27-06-2022) | 1-11 |
| 13 | നന്മമ്പ്ര ജൈവ അരി ഉത്പാദനം , സംഭരണം , വിതരണം - പദ്ധതി നിർവഹണത്തിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | 1-12 |
| 14 | മരുന്നു വാങ്ങൽ പദ്ധതി - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 27-06-2022) | 1-13 |
| 15 | ഗ്രാമ പഞ്ചായത്തിന് വിഹിതം - ചെലവഴിക്കാൻ അവശേഷിക്കുന്ന തുക തിരികെ അടവാക്കിയില്ല<br>Written By: Abdul Salam.P (Audit Officer, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 27-06-2022) | 1-14 |
| 16 | ഡയാലിസിസ് സെന്ററിന് തുക കൈമാറൽ - പ്രൊജക്ട് അപാകതകൾ | 1-15 |

| | | |
|---|---|---|
| | Written By: Abdul Salam.P (Audit Officer, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | |
| 17 | KSEB നിക്ഷേപ പ്രവ്യത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല<br>Written By: Abdul Salam.P (Audit Officer, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | 1-16 |
| 18 | KWA നിക്ഷേപ പ്രവ്യത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല<br>Written By: Abdul Salam.P (Audit Officer, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 24-06-2022) | 1-17 |
| 19 | കുളം നവീകരണം - പ്രവ്യത്തി നടപ്പിലാക്കിയതിന്റെ വിവരം ഇല്ല<br>Written By: Abdul Salam.P (Audit Officer, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-18 |
| 20 | സ്മാർട്ട് ക്ലാസ്സ് റൂം - പ്രവർത്തനക്ഷമമല്ല<br>Written By: Abdul Salam.P (Audit Officer, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-19 |
| 21 | വെർച്ചൽ ക്ലാസ്സ് റൂം സ്റ്റുഡിയോ സ്ഥാപിക്കൽ - പ്രൊജക്റ്റ് ലക്ഷ്യം പൂർത്തീകരിച്ചില്ല<br>Written By: Abdul Salam.P (Audit Officer, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 27-06-2022) | 1-20 |
| 22 | ഗവ. സ്കൂളുകളിൽ ഷീ പാഡ് പദ്ധതി - ലക്ഷ്യം നിറവേറിയില്ല<br>Written By: Abdul Salam.P (Audit Officer, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 27-06-2022) | 1-21 |
| 23 | അങ്കണവാടി ചുമർ ചിത്രം വരച്ചത്-അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 08-06-2022)<br>Last Updated By: Unni.P (Deputy Director, On 27-06-2022) | 1-22 |
| 24 | പ്രൊജക്റ്റ് നിർവ്വഹണത്തിൽ പുരോഗതി ഇല്ല<br>Written By: M Dinesan (Audit Officer, On 09-06-2022)<br>Last Updated By: Unni.P (Deputy Director, On 27-06-2022) | 1-23 |
| 25 | പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റിന് അടിസ്ഥാന സൗകര്യം ഒരുക്കൽ - ഇലക്ട്രിഫിക്കേഷൻ - പദ്ധതി ഉപേക്ഷിച്ചത് സംബന്ധിച്ച്.<br>Written By: M Dinesan (Audit Officer, On 09-06-2022)<br>Last Updated By: Unni.P (Deputy Director, On 27-06-2022) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Unni.P (Deputy Director, On 27-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Unni.P (Deputy Director, On 27-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Unni.P (Deputy Director, On 27-06-2022) | 4-4 |

| | | |
|---|---|---|
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Unni.P (Deputy Director, On 27-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Unni.P (Deputy Director, On 27-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Unni.P (Deputy Director, On 27-06-2022) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Unni.P (Deputy Director, On 27-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Unni.P (Deputy Director, On 27-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ<br>Written By: Idrees Abdulla A.C. (Auditor, On 03-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 14.02.2019 | 1(1) - 30.03.2020 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31 .07.2020 | 08 .07.2020 |

### 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 17296205 |
| വരവ് | 4,9799279 |
| ആകെ | 67095484 |
| ചെലവ് | 5,7668544 |
| നീക്കിയിരിപ്പ് | 9426940 |

### 1-4 ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 56593000 | 56593000 | 31769252 | 24823748 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 11299000 | 11299000 | 8300927 | 2998073 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 256000 | 256000 | 0 | 256000 |
| ബി ഫണ്ട് | 0 | 0 | 0 | 0 | |
| മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 0 | 7405000 | 7405000 | 3580242 | 3824758 |

കുറിപ്പ്

1) സ.ഉ(സാ.ധാ) നം. 10050/2019/ ധന തീയതി -21/12/2019 പ്രകാരം ലഭ്യമായിട്ടുള്ള വികസന ഫണ്ട്- എസ്.സി.പി , ടി.എസ്.പി, എന്നിവയുടെ മൂന്നാം ഗഡുവിന്റെ വരവ് എ.സി.ആറിൽ പ്രതിഫലിച്ചിട്ടില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ലഭിച്ച തുക |
|---|---|
| വികസന ഫണ്ട് എസ്.സി.പി | 3766400/-രൂപ |
| വികസന ഫണ്ട് ടി.എസ്.പി | 85400/-രൂപ |

### 1-4-1 ഗ്രാന്റ് യൂട്ടിലൈസേഷൻ

എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വികസന ഫണ്ട് ജനറലിലെ വരവ് , നീക്കിയിരിപ്പ് തുകകൾ ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ട് | വരവ് | നീക്കിയിരിപ്പ് |
|---|---|---|

| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ACR പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ACR പ്രകാരം |
|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 37728600 | 56593000 | 5959348 | 24823748 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 112 | 99156663 | 50 | 45145185 | 50 | 12 | 45% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.06.2022 ന് 10.15 Am മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 500/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നീയന്ത്രണം.

1) പഞ്ചായത്ത് പുതുതായി ആർജ്ജിച്ച ആസ്തികൾ കൂട്ടി ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2) പദ്ധതികൾ പ്രകാരം മറ്റു സ്ഥാപനങ്ങൾക്ക് വാങ്ങി നൽകുന്ന സാധനങ്ങൾ പ്രസ്തുത സ്റ്റോക്കിൽ എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.03.2021 മുതൽ 08.03.2021 | 2019-20 | 09.06.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.03.2015 മുതൽ 19.03.2015 | 2009-10 മുതൽ 2013-14 വരെ | 16.06.2015 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1) സ.ഉ(സാ.ധാ) നം. 10050/2019/ ധന തീയതി -21/12/2019 പ്രകാരം ലഭ്യമായിട്ടുള്ള വികസന ഫണ്ട്- എസ്.സി.പി , ടി.എസ്.പി, എന്നിവയുടെ മൂന്നാം ഗഡുവിന്റെ വരവ് എ.സി.ആറിൽ പ്രതിഫലിച്ചിട്ടില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ലഭിച്ച തുക |
|---|---|
| വികസന ഫണ്ട് എസ്.സി.പി | 3766400/-രൂപ |
| വികസന ഫണ്ട് ടി.എസ്.പി | 85400/-രൂപ |

2) Rent From Buildings ഡിമാന്റ് - വാർഷികകണക്ക്, ഡിമാന്റ് രജിസ്റ്റർ എന്നിവയിൽ താഴെ പറയും പ്രകാരം

വ്യത്യാസപ്പെട്ടിരിക്കുന്നു.

| വാർഷിക കണക്ക് പ്രകാരം | ഡിമാന്റ് രജിസ്റ്റർ പ്രകാരം |
|---|---|
| 569069/-രൂപ | 598014/-രൂപ |

കൂടാതെ വാടക കളക്ഷൻ, ബാലൻസ് എന്നിവ സംബന്ധിച്ച സംഗ്രഹം തയ്യാറാക്കി രജിസ്റ്ററിൽ രേഖപ്പെടുയിട്ടില്ലാത്തതിനാൽ വാർഷികകണക്കിലെ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) വാർഷികകണക്കിലെ B- 18 ഷെഡ്യൂൾ പ്രകാരം 21275327/- രൂപ അഡ്വാൻസ് ബാലൻസ് ഉണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഇത് സംബന്ധിച്ച സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4) വാർഷികകണക്കിലെ B- 7 ഷെഡ്യൂൾ പ്രകാരം 365683/- രൂപ ഡെപ്പോസിറ്റ് ബാലൻസ് ഉണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.
6) 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ് ) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-12 നന്നമ്പ്ര ജൈവ അരി ഉത്പാദനം , സംഭരണം , വിതരണം - പദ്ധതി നിർവഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി അസിസ്റ്റന്റ് ഡയറക്ടർ
പ്രൊജക്ട് നമ്പർ- 74/2019-20 (S.O) (66/2018-19)

ചെലവഴിച്ച തുക- 405000 (വികസന ഫണ്ട് - ജനറൽ)

-ബിൽ നം- 1915066301700032509 Date. 05.04.2019

പൂർണ്ണമായും ജൈവ രീതിയിൽ നെൽ കൃഷി ചെയ്ത് , നെല്ല് സംഭരിച്ച് കുത്തി അരിയാക്കി നന്നമ്പ്ര ജൈവ അരി എന്ന രീതിയിൽ വിപണനം നടത്തുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. സബ്സിഡി മാർഗരേഖ (14.02.2018ലെ സ.ഉ(കൈ) നം.22/2018 ത.സ്വ.ഭ.വ ) പ്രകാരം പ്രാദേശിക ഉത്പന്നങ്ങൾക്ക് വിണന സംവിധാനം ( അടിസ്ഥാന സൗകര്യങ്ങൾ, വാടക, ഉപകരണം, അക്കൗണ്ടിംഗ് സംവിധാനം, ശീതീകരണ സംവിധാനം) ഒരുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിന്റെ കാർഷിക കർമ്മ സേനകൾ, കാർഷിക ഗ്രൂപ്പുകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവക്ക് 100% (പരാമാവധി തുക തദ്ദേശഭരണ സ്ഥാപനത്തിന് നിശ്ചയിക്കാം) സബ്സിഡി അനുവദിക്കാവുന്നതാണ്.
ജൈവ രീതിയിൽ നെല്ല് ഉത്പാദിപ്പിച്ച 16 കർഷകർക്ക് 405000/- രൂപയാണ് പദ്ധതി പ്രകാരം സബ്സിഡിയായി നൽകിയത്. കർഷകർ കൂലി, ജൈവ വളം എന്നീ വകകളിൽ ചെലവഴിച്ച തുകക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. എന്നാൽ മാർഗ രേഖ പ്രകാരം ജൈവ/രാസ വളങ്ങൾക്ക് സബ്സിഡി നൽകുന്നതിനുള്ള പ്രൊജക്ടുകൾ ഗ്രാമ പഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങൾ എന്നിവക്ക് മാത്രമാണ് ഏറ്റെടുക്കാവുന്നത്. പദ്ധതി ലക്ഷ്യമിട്ടത് പ്രകാരം നന്നമ്പ്ര ജൈവ അരിയുടെ സംഭരണം, നെല്ല് അരിയാക്കി വിതരണം എന്നിവക്ക് പദ്ധതി കൊണ്ട് നേട്ടമുണ്ടായതായി കാണുന്നില്ല.
മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ.04/2019-20 തിയ്യതി-06.06.2022)ക്ക് മറുപടിയായി 2017-18 വർഷത്തിൽ നൂതന പ്രൊജക്ടായി അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കിയത് എന്നും ആദ്യ വർഷങ്ങളിൽ ഇങ്ങനെ ഉത്പാദിപ്പിച്ച നെല്ല്, അരിയായും പ്രൊസസ് ചെയ്ത അവിലായും വകുപ്പിന്റെ വൈഗ മേളയിലും മറ്റു പ്രദർശന മേളകളിലും വിൽപ്പന നടത്തിയിരുന്നതായും എന്നാൽ കോവിഡ് ലോക്ക്ഡൗൺ മൂലം ഈ സംരംഭം തുടരാൻ സാധിച്ചില്ല എന്നും അറിയിച്ചു.
പദ്ധതിക്ക് നൂതന പ്രൊജക്ടിനുള്ള അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതും വരും വർഷങ്ങളിൽ പദ്ധതിയുടെ മുഴുവൻ ലക്ഷ്യം നേടുന്ന തരത്തിൽ നിർവ്വഹണം നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-13 മരുന്നു വാങ്ങൽ പദ്ധതി - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

മെഡിക്കൽ ഓഫീസർ (സി എച്ച് സി) നിർവ്വഹിച്ച താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം മരുന്നു വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് : 47/20 പാലിയേറ്റീവ് പരിചരണം | പ്രോജക്ട് : 45/20 മരുന്നു വാങ്ങൽ |
|---|---|

| | |
|---|---|
| | |
| അടങ്കൽ : 900000/- (വികസനം-ജനറൽ)<br>ചെലവ് : 900000/- (വികസനം-ജനറൽ)<br>മരുന്ന വാങ്ങുന്നതിനായി ചെലവഴിച്ച തുക: 606841/-<br>ബിൽ നം. 11/19-20/12.12.2019 (373891/-)<br>ബിൽ നം. 17/19-20/31.03.2020 (232950/-) | അടങ്കൽ : 1000000/- (വികസനം-ജനറൽ) ചെലവ് : 1000000/-(വികസനം-ജനറൽ)<br>ബിൽ നം. 03/19-20/04.10.2019 (700000/-)<br>ബിൽ നം. 07/19-20/23.11.2019(300000/-) |

മേൽ പ്രോജക്ടുകൾ പ്രകാരം കാലിക്കറ്റ് വനിതാ കോ- ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നാണ് മരുന്നുകൾ വാങ്ങിയിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം. 22/2018/തസ്വഭവ, തിരുവനന്തപുരം, തിയ്യതി 14.02.2018 ക്രമ നമ്പർ 7.5.3 പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും വാങ്ങുന്നതിനാണ് അനുമതിയുള്ളത്.

7.5.4 പ്രകാരം KMSCL ൽ ഇന്റന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും ലഭ്യമല്ലാതിരിക്കുന്ന സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റിയുടെ ശുപാർശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കാരുണ്യ/നീതി/ജെൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

മേൽ പ്രോജക്ട് പ്രകാരം കാലിക്കറ്റ് വനിതാ കോ- ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും മരുന്ന് വാങ്ങുന്നതിന് ആധാരമാക്കിയ അനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 12/2019-20 /07.06.2022 മറുപടി ലഭ്യമാക്കിയില്ല.

വാങ്ങിയ മരുന്നുകളുടെ വില KMSCL ലഭ്യമാക്കുന്ന മരുന്നുകളുടെ വിലയുമായി താരതമ്യം ചെയ്ത് റിപ്പോർട്ട് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ വാങ്ങുന്നതിന് സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 1-14 ഗ്രാമ പഞ്ചായത്തിന് വിഹിതം - ചെലവഴിക്കാൻ അവശേഷിക്കുന്ന തുക തിരികെ അടവാക്കിയില്ല

നിർവഹണം : സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്

പ്രൊജക്റ്റ്നമ്പർ/പേര് : 73/20, വൃദ്ധർക്ക് ക്ഷേമ പ്രവർത്തനം ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം

അടങ്കൽ തുക : 16,46,900 രൂപ

ചെലവ് : 2,46,900 രൂപ

ബിൽ നമ്പർ/തിയ്യതി : 10/31.05.2019

ഫണ്ട് : വികസന ഫണ്ട് ജനറൽ

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2019-20 വർഷത്തിൽ നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം 2,46,900 രൂപ വയോജനങ്ങൾക്ക് കട്ടിൽ നൽകൽ എന്ന പ്രൊജക്ട് നടപ്പാക്കുന്നതിനായി മുന്നിയൂർ ഗ്രാമ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. മേൽ പദ്ധതി പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 31.01.2022 ന്

ബി-1348/2018 നമ്പറായി മൂന്നിയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ (നമ്പർ എ1-1090/22 തി. 10.02.2022) ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച 246900 രൂപയിൽ 241605/- രൂപ ചെലവഴിച്ചതായി അറിയിച്ചിട്ടുണ്ട്. 5295/- രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട്. അവശേഷിച്ച തുക സർക്കാറിലേക്ക് തിരിച്ചടച്ച് ചലാൻ പകർപ്പ് സമർപ്പിക്കുന്നതാണ് എന്ന് അറിയിച്ചെങ്കിലും തുടർ വിവരം ലഭ്യമല്ല.

തുക തിരികെ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7(2019-20)/07.06.2022) മറുപടി ലഭ്യമാക്കിയില്ല. 5295/- രൂപ തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. 5295/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-15 ഡയാലിസിസ് സെന്ററിന് തുക കൈമാറൽ - പ്രൊജക്ട് അപാകതകൾ

നിർവഹണം : സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്

പ്രൊജക്ട് നമ്പർ/പേര് : 28/20, ഡയാലിസിസ് സെന്ററിന് തുക കൈമാറൽ

അടങ്കൽ തുക : 10,00,000 രൂപ

ചെലവ് : 10,00,000 രൂപ

ചെക്ക് നമ്പർ/തിയ്യതി : XY 2167328/04.10.2019

ഫണ്ട് : തനത് ഫണ്ട്

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2019-20 വർഷത്തിൽ നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം 10,00,000 രൂപ തിരൂരങ്ങാടി താലൂക്ക് ഹോസ്പിറ്റൽ ഡയാലിസിസ് സെന്റർ മാനേജ്മെന്റ് കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് (നമ്പർ 67305462442) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി 17.09.20201 ന് എ. 1139/2019 നമ്പറായി തിരൂരങ്ങാടി താലൂക്ക് ഹോസ്പിറ്റൽ ഡയാലിസിസ് സെന്റർ മാനേജ്മെന്റ് കമ്മിറ്റി സെക്രട്ടറിക്ക് നൽകിയ കത്തിന് ഗവ. താലൂക്ക് ഹോസ്പിറ്റൽ സൂപ്രണ്ട് നൽകിയ മറുപടിയിൽ പ്രസ്തുത കാലത്ത് മരുന്നും മറ്റ് സാധനങ്ങളും വാങ്ങിയത് സംബന്ധിച്ച രേഖകൾ നിലവിൽ ലഭ്യമല്ലാത്തതിനാൽ വിനിയോഗ സാക്ഷ്യപത്രം നൽകാൻ നിർവാഹമില്ല എന്നറിയിച്ചിട്ടുണ്ട്.

03.02.2018 മുതൽ 17.12.2018 വരെയുള്ള കാലയളവിൽ ഡയാലിസിസ് കിറ്റുകളും, ഉപകരണങ്ങളും വിതരണം ചെയ്തതിന്റെ ബിൽ തുകയായ 10,25,641 രൂപ ലഭ്യമായില്ല എന്നറിയിച്ച് ശ്രീമതി. നിമിഷ രമേഷ്, പ്രോംപ്റ്റ് സപ്ലയേഴ്സ്, ഗോവിന്ദപുരം എന്ന വ്യക്തി മലപ്പുറം ജില്ലാ കളക്ടർ, സെക്രട്ടറി, തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്, സൂപ്രണ്ട്, തിരൂരങ്ങാടി താലൂക്ക് ഹോസ്പിറ്റൽ, ചെയർമാൻ, തിരൂരങ്ങാടി താലൂക്ക് ഹോസ്പിറ്റൽ, ഡയാലിസിസ് സെന്റർ മാനേജ്മെന്റ് കമ്മിറ്റി എന്നിവരെ യഥാക്രമം 1,2,3,4 എതിർ കക്ഷികളാക്കി വക്കീൽ നോട്ടീസ് അയച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2013-14 കാലയളവിൽ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഗവ. താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിച്ചതായി രേഖകളിൽ കാണുന്നു. നിലവിൽ ഡയാലിസിസ് സെന്റർ നടത്തിപ്പുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ വിശദീകരിച്ചിട്ടില്ല.

2. 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത താലൂക്ക് ഹോസ്പിറ്റൽ ഡയാലിസിസ് സെന്റർ മാനേജ്മെന്റ് കമ്മിറ്റി ചെയർമാൻ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടാണ്. നിലവിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന് ചെയർമാന്റെ ചുമതലയുണ്ടോ. ഉണ്ടെങ്കിൽ ചെയർമാന്റെ ഉത്തരവാദിത്തം എന്താണ്. സാമ്പത്തിക ഇടപാടുകൾ ചെയർമാന്റെ അറിവോടെയും, അനുമതിയോടെയുമാണോ നടക്കുന്നത് എന്നീ കാര്യങ്ങളിൽ വ്യക്തതയില്ല.

3. 2015 നവംബർ 1 ന് തിരൂരങ്ങാടി ഗ്രാമ പഞ്ചായത്ത് നഗരസഭയായി പരിവർത്തനം ചെയ്തപ്പോൾ ആശുപത്രി നഗരസഭയുടെ ഘടക സ്ഥാപനമായാണ് പ്രവർത്തിച്ച് വരുന്നത് എന്ന് കാണുന്നു. ആയതിനാൽ ഡയാലിസിസ് സെന്റർ മാനേജ്മെന്റ് കമ്മിറ്റി നഗരസഭക്ക് കീഴിലേക്ക് മാറ്റിയിട്ടുണ്ടെങ്കിൽ ബ്ലോക്ക് പഞ്ചായത്തിന് ഇക്കാര്യത്തിൽ ഉള്ള ഉത്തരവാദിത്തം വ്യക്തമാക്കിയിട്ടില്ല.

4. 2013-14 കാലയളവിൽ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഗവ. താലൂക്ക് ആശുപത്രിയിൽ ആരംഭിച്ച ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനത്തിനായി ബ്ലോക്ക് പഞ്ചായത്ത് നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം, തുകയുടെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ് എന്നും, 2013-14 മുതൽ 2020-21 വരെ ഡയാലിസിസ് സെന്ററിന് വിഹിതമായി എത്ര തുക നൽകി ആയിന് എല്ലാത്തിനും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായോ എന്നത് സംബന്ധിച്ചും വിവരങ്ങൾ ആരാഞ്ഞതിന് മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 8(2019-20)/07.06.2022)

2019-20 വർഷം നൽകിയ തുകക്ക് വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭിച്ചിട്ടില്ല. സൊസൈറ്റീസ്

രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത താലൂക്ക് ഹോസ്പിറ്റൽ ഡയാലിസിസ് സെന്റർ മാനേജ്മെന്റ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ചെലവിനും, അപാകതക്കും ഉത്തരവാദിത്തം പ്രസ്തുത കമ്മിറ്റിക്ക് മാത്രമാണ്. ബ്ലോക്ക് പഞ്ചായത്തിന് ആയതിൽ ഉത്തരവാദിത്തമില്ല. കമ്മിറ്റിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പരാതിയുണ്ടെങ്കിൽ സർക്കാറിനെ സമീപിക്കാവുന്നതാണ്. 2019-20 വർഷം നൽകിയ തുകക്ക് വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കാത്തതിനാൽ തുടർ വർഷങ്ങളിൽ ധനസഹായം നൽകുന്നത് നിർത്തിവെക്കാവുന്നതാണ്.

കമ്മിറ്റിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെയും, കേസിന്റെയും അടിസ്ഥാനത്തിൽ വിനിയോഗ സാക്ഷ്യപത്രം അനുവദിക്കാതിരിക്കുന്നത് ക്രമപ്രകാരമല്ല. ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ സർക്കാറിനെ സമീപിക്കാവുന്നതാണ്. തുകക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യുന്നത് വരെ ചെലവ് തുക 10,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-16 KSEB നിക്ഷേപ പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഇലക്ട്രിക്ക് ലൈൻ ദീർഘിപ്പിക്കൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ 3310910/- രൂപ വിവിധ പ്രവൃത്തികൾക്കായി കെ. എസ്. ഇ. ബി യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രവൃത്തികളിൽ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നമ്പർ / പേര് | തുക നിക്ഷേപിച്ച സ്ഥാപനം | ചെലവ് വിശദാംശം |
|---|---|---|
| 8/ബ്ലോക്ക് പരിധിയിൽ ഇലക്ട്രിക്ക് ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ തലപ്പാറ | അടങ്കൽ : 3423130<br>ബിൽ നമ്പർ:55/20.03.2020<br>തുക : 3,49,420 രൂപ<br>ഫണ്ട് : വികസനഫണ്ട് ജനറൽ |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9(2019-20)/07.06.2022) മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 3,49,420 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-17 KWA നിക്ഷേപ പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2019-20 വർഷത്തിൽ നടപ്പാക്കിയ ചുവടെ ചേർത്ത ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നമ്പർ / പേര് | തുക നിക്ഷേപിച്ച സ്ഥാപനം | ചെലവ് വിശദാംശം |
|---|---|---|
| 5/20 KWA ഡെപ്പോസിറ്റ് (ജനറൽ) പൈപ്പ് ലൈൻദീർഘിപ്പിക്കൽ<br>(തേഞ്ഞിപ്പലം കറ്റിപ്പാല – കള്ളിക്കഴി റോഡ് ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ)<br>എസ്റ്റിമേറ്റ് നമ്പർ : 2019/15638 | കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ മലപ്പുറം | അടങ്കൽ : 9,00,000<br>ബിൽനമ്പർ : 45/24.01.2020<br>തുക : 3,00,000 രൂപ<br>ഫണ്ട് : വികസന ഫണ്ട് ജനറൽ |

| | | |
|---|---|---|
| | | |
| 19/20 KWA ഡെപ്പോസിറ്റ് (എസ്.സി.പി) പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>(വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലെ വെള്ളേപ്പാടം എസ്.സി കോളനി ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ)<br>എസ്റ്റിമേറ്റ് നമ്പർ : 2019/19947 | കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ മലപ്പുറം | അടങ്കൽ : 10,00,000<br>ബിൽ നമ്പർ : 49/20.03.2020<br>തുക : 1,10,000 രൂപ<br>ഫണ്ട് : വികസന ഫണ്ട് എസ്.സി.പി |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10(2019-20)/07.06.2022) മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 4,10,000 (300000 + 110000) രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-18 കുളം നവീകരണം - പ്രവൃത്തി നടപ്പിലാക്കിയതിന്റെ വിവരം ഇല്ല

നിർവഹണം : സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്

പ്രൊജക്റ്റ് നമ്പർ / പേര് : 78/20, കുളം നവീകരണം ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ

അടങ്കൽ തുക : 10,00,000 രൂപ

ചെലവ് : 10,00,000 രൂപ

ബിൽ നമ്പർ/തിയ്യതി : 11/31.05.2019

ഫണ്ട് : വികസന ഫണ്ട് ജനറൽ

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2019-20 വർഷത്തിൽ നടപ്പാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരം 10,00,000 രൂപ കുളം നവീകരണത്തിനായി പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. മേൽ പദ്ധതി ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയതിന്റെ വിവരം ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, തുക വിനിയോഗിച്ചിട്ടില്ലെങ്കിൽ തുക തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കണം എന്നും കാണിച്ച് 31.01.2022 ന് എ-329/2019 നമ്പറായി പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

പ്രവൃത്തി സംബന്ധിച്ച് നിലവിലെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11(2019-20)/07.06.2022) മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 10,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 സ്മാർട്ട് ക്ലാസ്സ് റൂം - പ്രവർത്തനക്ഷമമല്ല

നിർവ്വഹണം : സെക്രട്ടറി ബ്ലോക്ക്പഞ്ചായത്ത്
പ്രൊജക്റ്റ് നമ്പർ / പേര് : 108/20, എൽ പി, യു പി സ്കൂളുകളിൽ സ്മാർട്ട് റൂം സ്ഥാപിക്കൽ

അടങ്കൽ തുക : 27,00,000 രൂപ

ചെലവ് : 27,00,000 രൂപ

ചെക്ക് നമ്പർ/തിയ്യതി : (29/18.09.2019 – 1769681 രൂപ, 28/18.09.2019 – 930319 രൂപ)

ഫണ്ട് : വികസന ഫണ്ട് ജനറൽ

ഗവ.സ്കൂളുകളിൽ സ്മാർട്ട് റൂം സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് ലാപ്ടോപ്പ്, പ്രൊജക്ടർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ നേരിട്ട് വാങ്ങിക്കുകയാണ് ചെയ്തത്. ചുവടെ ചേർക്കും പ്രകാരം ഒരു സ്കൂളിന് 3 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങി.

| ക്രമ നമ്പർ | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | Laptop System | 1 | 31000 |

| | | | |
|---|---|---|---|
| 2 | LCD Projector | 1 | 23860 |
| 3 | UPS System 1 KV | 1 | 9000 |
| 4 | Interactive White Board | 1 | 44342 |
| 5 | Ceiling Mountable Bracket For Projector | 1 | 4800 |
| 6 | Wall Mount Box | 1 | 9500 |
| 7 | Speaker System | 1 | 6850 |
| 8 | White Board | 1 | 7900 |
| 9 | Wall Fan | 2 | 5000 |
| 10 | Combo Dual Desk | 10 | 110000 |
| 11 | School Timing Bell System Wih Electric Bell | 1 | 17000 |
| 12 | Shoe Rack | 2 | 8000 |
| 13 | Window Curtain | 3 | 9000 |
| 14 | Teacher Chair | 1 | 4000 |
| 15 | Teacher Table | 1 | 9748 |
| ആകെ | | | 300000 |

പ്രസ്തുത ഉപകരണങ്ങൾ ചുവടെ ചേർക്കും പ്രകാരം 9 സ്കൂളുകളിലായി വിതരണം ചെയ്തു.

| ക്രമ നം | സ്കൂളിന്റെ പേര് | തുക | ഇൻവോയ്സ് നമ്പർ/തിയ്യതി |
|---|---|---|---|
| 1 | GUPS ചെനക്കലങ്ങാടി | 300000 | PKDBC/0000394/21.03.2019 |
| 2 | GUPS പാറക്കടവ് | 300000 | PKDBC/0000395/21.03.2019 |
| 3 | GLPS മുന്നിയൂർ | 300000 | PKDBC/0000396/21.03.2019 |
| 4 | GLPS ചെറുമുക്ക് | 300000 | PKDBC/0000397/21.03.2019 |
| 5 | GLPS മുണ്ടിയൻകാവ് | 300000 | PKDBC/0000399/22.03.2019 |
| 6 | GLPS പറമ്പിൽ പീടിക | 300000 | PKDBC/0000400/22.03.2019 |
| 7 | GLPS ഒളകര | 300000 | PKDBC/0000401/22.03.2019 |
| 8 | GLPS നടുക്കര | 300000 | PKDBC/0000402/22.03.2019 |
| 9 | GHS പെരുവള്ളൂർ | 300000 | PKDBC/0000403/22.03.2019 |
| ആകെ | | 2700000 | |

സ്മാർട്ട് റൂമുകളുടെ നിലവിലെ സ്ഥിതി വിവരം അറിയുന്നതിനായി മേൽ പരാമർശിച്ച 9 സ്കൂളുകളിൽ 3 എണ്ണത്തിൽ 07.06.2022 ന് നേരിട്ട് പരിശോധിച്ചത് പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

GUPS പാറക്കടവ്

ഉപകരണങ്ങൾ ഒരു ക്ലാസ്സ് റൂമിൽ ഉണ്ടെങ്കിലും സ്മാർട്ട് ക്ലാസ്സ് റൂം പ്രവർത്തനം നടക്കുന്നില്ല എന്ന് വ്യക്തമായി. വിതരണം ചെയ്ത പ്രൊജക്ടർ പ്രവർത്തനരഹിതമായിട്ടുണ്ട് എന്നാണ് അറിയിച്ചത്. ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, പാലക്കാട് എന്ന സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നൽകുമ്പോൾ അവലംബിച്ച പൊതു വിദ്യാഭ്യാസ (ഡി) വകുപ്പിന്റെ 06.01.2018 ലെ സ.ഉ (സാധാ) നം 97/2018/പൊ.വി.വ ഉത്തരവിൽ മിനിമം സ്പെസിഫിക്കേഷൻ, പരമാവധി തുക, വിൽപനാനന്തര സേവന വ്യവസ്ഥകൾ എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രൊജക്ടറിന്റെ വാറണ്ടി പിരീയഡ് 5 വർഷമാണ്. ഇക്കാര്യം സ്കൂൾ അധികൃതരെ ബോധ്യപ്പെടുത്തുകയോ, വാറണ്ടി ലഭ്യമാവുന്നതിന് ശ്രമിക്കുകയോ ചെയ്തിട്ടില്ല.

GUPS മുന്നിയൂർ

ഉപകരണങ്ങൾ വിവിധ ക്ലാസ്സ് റൂമുകളിലായിട്ടാണ് വെച്ചിട്ടുള്ളത്. ആയതിനാൽ സ്മാർട്ട് ക്ലാസ്സ് റൂം പ്രവർത്തനം

നടക്കുന്നില്ല എന്നും, ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ല എന്നും വ്യക്തമായി. സ്കൂളിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്ന് കാണുന്നു. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 വർഷത്തെ മേൽ പ്രൊജക്റ്റ് പ്രകാരം വിതരണം ചെയ്ത മുഴുവൻ സാധനങ്ങളും സ്കൂളിൽ ലഭ്യമായിട്ടില്ല എന്ന് വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് പ്രകാരം സ്കൂളിന് നൽകിയ ഉപകരണങ്ങൾ | | | ലഭ്യമായവ - ( സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് - എണ്ണം) | കുറിപ്പ് |
|---|---|---|---|---|
| ക്രമ നം | ഇനം | എണ്ണം | | |
| 1 | Laptop System | 1 | 1 | ലഭ്യമായിട്ടുണ്ട് എന്നറിയിച്ചു, നിലവിൽ ഉപയോഗമില്ല. ക്ലാസ്സ് റൂമിൽ ലഭ്യമല്ല |
| 2 | LCD Projector | 1 | - | നേരിൽ പരിശോധിച്ചപ്പോൾ പ്രൊജക്ടർ ലഭ്യമായിട്ടുണ്ട് എന്നറിയിച്ചു, സ്റ്റോക്കിൽ ചേർത്തിട്ടില്ല |
| 3 | UPS System 1 KV | 1 | - | പരിശോധനയിൽ കണ്ടെത്താൻ സാധിച്ചില്ല |
| 4 | Interactive White Board. മേൽ സ്കൂളുകളിലെ പരിശോധനയുടെ വെളിച്ചത്തിൽ സ്മാർട്ട് ക്ലാസ്സ് റൂം ഒരു സ്കൂളിലും നിലവിൽ പ്രവർത്തനമില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ ഇനത്തിൽ ചെലവഴിച്ച 2700000/-രൂപ പാഴ്ച്ചെലവായി. | 1 | 1 | - |
| 5 | Ceiling Mountable Bracket For Projector | 1 | - | പരിശോധനയിൽ കണാൻ സാധിച്ചു, സ്റ്റോക്കിൽ ചേർത്തിട്ടില്ല |
| 6 | Wall Mount Box | 1 | - | പരിശോധനയിൽ കണാൻ സാധിച്ചു, സ്റ്റോക്കിൽ ചേർത്തിട്ടില്ല |
| 7 | Speaker System | 1 | - | പരിശോധനയിൽ കണാൻ സാധിച്ചു, സ്റ്റോക്കിൽ ചേർത്തിട്ടില്ല |
| 8 | White Board | 1 | 1 | - |
| 9 | Wall Fan | 2 | - | പരിശോധനയിൽ ഒരെണ്ണം മാത്രമാണ് കാണാൻ സാധിച്ചത് |

| | | | | |
|---|---|---|---|---|
| 10 | Combo Dual Desk | 10 | 6 | പരിശോധനയിൽ 6 എണ്ണം മാത്രമാണ് കാണാൻ സാധിച്ചത് |
| 11 | School Timing Bell System Wih Electric Bell | 1 | - | പരിശോധനയിൽ കണാൻ സാധിച്ചു, സ്റ്റോക്കിൽ ചേർത്തിട്ടില്ല. ഉപയോഗിക്കുന്നുണ്ട് |
| 12 | Shoe Rack | 2 | 1 | പരിശോധനയിൽ ഒരെണ്ണം മാത്രമാണ് കാണാൻ സാധിച്ചത് |
| 13 | Window Curtain | 3 | | പരിശോധനയിൽ 2 എണ്ണം മാത്രമാണ് കാണാൻ സാധിച്ചത് (നിർദിഷ്ട റൂമിന് 2 വിൻഡോ മാത്രമാണ് ഉള്ളത്) |
| 14 | Teacher Chair | 1 | 1 | - |
| 15 | Teacher Table | 1 | | പരിശോധനയിൽ കണാൻ സാധിച്ചു, സ്റ്റോക്കിൽ ചേർത്തിട്ടില്ല |

GHS പെരുവള്ളൂർ

ഉപകരണങ്ങൾ വിവധ ക്ലാസ്സ് റൂമുകളിലായിട്ടാണ് വെച്ചിട്ടുള്ളത്. ആയതിനാൽ സ്മാർട്ട് ക്ലാസ്സ് റൂം പ്രവർത്തനം നടക്കുന്നില്ല എന്നും, ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ല എന്നും വ്യക്തമായി. പ്രൊജക്ടർ ക്ലാസ്സിൽ കാണുന്നില്ല. സ്കൂളിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമായതിൽ മേൽ ഉപകരണങ്ങൾ ഒന്നും തന്നെ സ്റ്റോക്കിൽ ചേർത്തിട്ടില്ല എന്ന് കാണുന്നു. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമാവുന്ന ഉപകരണങ്ങൾ സ്റ്റോക്കിൽ എടുക്കുന്നില്ല എന്ന് വ്യക്തമായി.

പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റു അപാകതകൾ ചുവടെ ചേർക്കുന്നു

1. മേൽ സ്കൂളുകളിലെ പരിശോധനയുടെ വെളിച്ചത്തിൽ സ്മാർട്ട് ക്ലാസ്സ് റൂം ഒരു സ്കൂളിലും നിലവിൽ പ്രവർത്തനമില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ ഇനത്തിൽ ചെലവഴിച്ച 2700000/-രൂപ പാഴ്ചെലവായി.

2. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, പാലക്കാട് എന്ന സ്ഥാപനവുമായി 27.12.2018 ന് ഒപ്പുവെച്ച കരാർ പ്രകാരം പൊതു വിദ്യാഭ്യാസ(ഡി) വകുപ്പിന്റെ 06.01.2018 ലെ സ.ഉ (സാധാ) നം 97/2018/പൊ.വി.വ ഉത്തരവിലെ നിബന്ധനകളാണ് പർച്ചേസിന് അവലംബിച്ചത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ മിനിമം സ്പെസിഫിക്കേഷൻ, പരമാവധി തുക, വിൽപനാന്തര സേവന വ്യവസ്ഥകൾ എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയത് പ്രകാരം ഉപകരണങ്ങളുടെ വാറണ്ടി പിരീയഡ് 5 വർഷമാണ്. ഇക്കാര്യം സ്കൂൾ അധികൃതരെ ബോധ്യപ്പെടുത്തിയിട്ടില്ല. കരാർ 1(b) യിൽ 5 വർഷ വാറണ്ടി കണ്ടീഷൻ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്.

3. കരാർ 13 പ്രകാരംം മെഷിനറികൾ നിശ്ചിത സമയത്തിനകം വിതരണം ചെയ്ത് പ്രവർത്തനക്ഷമമാക്കൽ വിതരണക്കാരന്റെ ഉത്തരവാദിത്തമാണ്. പ്രവർത്തനം തൃപ്തികരമായി നടക്കുന്നു എന്ന് ഉപകരണം കൈപ്പറ്റുന്ന വ്യക്തി നിർണ്ണയിക്കേണ്ടതും, ഗ്യാരണ്ടി പിരീയഡ് തീരുന്നത് വരെ വിതരണക്കാരൻ ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ അത്തരം ഒരു നടപടിയും ഉണ്ടായില്ല.

4. ഉപകരണങ്ങൾ വിതരണം ചെയ്യുപ്പോൾ ഇൻവോയ്സിന്റെ പകർപ്പ് സ്കൂൾ അധികൃതർക്ക് നൽകിയില്ല. വാറണ്ടി പിരീയഡ് സംബന്ധിച്ച് സ്കൂൾ അധികൃതരെ ബോധ്യപ്പെടുത്തിയില്ല. വാറണ്ടി പിരീയഡ് ഇൻവോയ്സിൽ രേഖപ്പെടുത്തിയില്ല. ഉപകരണങ്ങളുടെ ബ്രാന്റ് നെയിം ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

5. പ്രൊജക്ട് തയ്യാറാക്കി ഉപകരണങ്ങൾ സ്കൂളുകളിൽ വിതരണം ചെയ്യുമ്പോൾ കൈപ്പറ്റിന് പുറമെ സ്കൂൾ അധികൃതർ ആയത് സ്റ്റോക്കിൽ എടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കാത്തതും, സ്റ്റോക്ക് രജിസ്റ്ററിന്റെ പരകർപ്പ് വാങ്ങി സൂക്ഷിക്കാത്തതും ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപമാണ്. സ്റ്റോക്ക് രജിസ്റ്ററിൽ ഇൻവോയ്സ് നമ്പർ/തിയ്യതി, കൈപ്പറ്റിയ തിയ്യതി, ഇനം, സ്പെസിഫിക്കേഷൻ, മോഡൽ നമ്പർ, കമ്പനി, വില, വാറണ്ടി കാലയളവ് പോലുള്ള അടിസ്ഥാന വിവരങ്ങൾ ചേർക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല. വിതരണം ചെയ്ത ഉപകരണങ്ങൾ എല്ലാം തന്നെ നിലവിൽ സ്കൂളുകളിൽ ഉണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം ആവശ്യമാണ്.

6. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യം ഉറപ്പാക്കാതെ പ്രൊജക്ട് നടപ്പിലാക്കിയത് പദ്ധതി പൂർത്തീകരിക്കുന്നതിന് വിഘാതം സൃഷ്ടിച്ചു. സ്കൂൾ അധികൃതരിൽ നിന്ന് ആവശ്യമായ പദ്ധതി നിർദേശം ആരായാതെ ബ്ലോക്ക് പഞ്ചായത്ത് ഏകപക്ഷീയമായി പ്രൊജക്ട് നടപ്പിലാക്കി അടിച്ചേൽപ്പിച്ചത് പദ്ധതി പണം പാഴ്ചെലവാകുന്നതിന് ഇടയാക്കി.

7. കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം പ്രൊജക്ട് കാര്യക്ഷമത ഇല്ലാതാക്കി. പ്രൊജക്ട് കൊണ്ട് ബ്ലോക്ക് പഞ്ചായത്ത് വിഭാവനം ചെയ്ത ഫലപ്രാപ്തി ലഭ്യമായില്ല.

8. 04-07-2019ലെ ജി.ഒ(പി) നമ്പർ77/2019/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം KSIE യിലെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിരിക്കുന്നത് General Civil Construction Works As PMC ആയിട്ടാണ്. മേൽ സർക്കാർ ഉത്തരവിന് വിധേയമായാണ് KSIE യെ പ്രോജക്ട് തയ്യാറാക്കുന്നതിന് തെരഞ്ഞെടുത്തത്.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14 (2019-20)/08.06.2022) മറുപടി ലഭ്യമാക്കിയില്ല. 08.06.2022ന് നടന്ന ഓഡിറ്റ് സമാപന യോഗത്തിൽ ഇക്കാര്യം സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരുടെ യോഗം വിളിച്ച് അടിയന്തിരമായി ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഉപകരണങ്ങൾ വിതരണം ചെയ്ത എല്ലാ സ്കൂളിലും വിശദമായ പരിശോധന നടത്തേണ്ടതും, ഇൻവോയ്സ് പ്രകാരമുള്ള സാധനങ്ങൾ ഉണ്ടോ എന്ന് ഉറപ്പ് വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇല്ലായെങ്കിൽ ഉപകരണങ്ങളുടെ വില നഷ്ടപ്പെട്ടതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിശദമായ മറുപടി ലഭ്യമാക്കി റിപ്പോർട്ട് ചെയ്യുന്നത് വരെ 2019-20 ലെ ചെലവ് തുക 27,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-20 വെർച്വൽ ക്ലാസ്സ് റൂം സ്റ്റുഡിയോ സ്ഥാപിക്കൽ - പ്രൊജക്ട് ലക്ഷ്യം പൂർത്തീകരിച്ചില്ല

നിർവഹണം : സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്

പ്രൊജക്ട് നമ്പർ/പേര് : 83/20, ക്ലസ്റ്റർ സ്കൂളുകളിൽ വെർച്വൽ ക്ലാസ്സ് റൂം സ്റ്റുഡിയോ

അടങ്കൽ തുക : 28,91,608 രൂപ

ചെലവ് : 24,96,000 രൂപ (പാർട്ട്)

ബിൽ നമ്പർ/തിയ്യതി : 8/13.05.2019

ഫണ്ട് : വികസന ഫണ്ട് ജനറൽ

ഗവ. സ്കൂളുകളിൽ മെയിൻ സ്റ്റുഡിയോ സ്ഥാപിച്ചും, മറ്റ് പൊതു വിദ്യാലയങ്ങളിൽ നിലവിലെ സ്മാർട്ട് റൂം സൗകര്യം ഉപയോഗപ്പെടുത്തി വീഡിയോ കോൺഫറൻസിംഗ് സൗകര്യമൊരുക്കുന്നതിനുമാണ് പ്രൊജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. വെർച്വൽ ക്ലാസ്സ് റൂം സ്റ്റുഡിയോ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം കേരള സ്റ്റേറ്റ്

ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് ഇതിനാവശ്യമായ ഉപകരണങ്ങൾ നേരിട്ട് വാങ്ങിക്കുകയാണ് ചെയ്തത്. 11.10.2018 ലെ KSIE/PKD/488,489/18-9 പ്രകാരമുള്ള പ്രൊഫോർമ ഇൻവായ്സ് പ്രകാരം 798000/- രൂപയുടെ ഉപകരണങ്ങൾ 2 സ്കൂളിലും (സെൻട്രൽ സ്റ്റുഡിയോ), 1.10.2018 ലെ KSIE/PKD/490 മുതൽ 495 വരെ/18-9 പ്രകാരമുള്ള പ്രൊഫോർമ ഇൻവായ്സ് പ്രകാരം 400000/- രൂപയുടെ ഉപകരണങ്ങൾ 6 സ്കൂളിലും, സ്ഥാപിക്കുന്നതിനാണ് പർച്ചേസ് ഓർഡർ നൽകിയത്. ഓരോന്നിലും ഉൾപ്പെട്ട ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| 2 സ്കൂളുകൾക്ക് 798000/- വീതം | | | |
|---|---|---|---|
| ക്രമ നം | ഇനം | എണ്ണം | തുക |
| 1 | VC Unit 10 Channel : To Connect Up To 10 Remote Studios | 1 | 557020 |
| 2 | Heavy Duty Camera : Centre Conference Camera 12X Optical Ptz Camera | 1 | 138500 |
| 3 | Video Conferencing Micro Phone : Panasonic Micro Phone 3 M Radius | 1 | 75680 |
| 4 | UPS – 1 KVA | 1 | 6500 |
| 5 | Broadband Internet Connection – 10MB Unlimited | 1 | 10500 |
| 6 | Sond System - 80W | 1 | 9800 |
| ആകെ | | | 798000 |

| 6 സ്കൂളുകൾക്ക് 400000/- വീതം | | | |
|---|---|---|---|
| ക്രമ നം | ഇനം | എണ്ണം | തുക |
| 1 | VC Unit 03 Channel : To Connect With Central Studio As Well As 3 Intra Centers | 1 | 274402 |
| 2 | Heavy Duty Camera : Centre Conference Camera GP VD 1313X Optical Ptz Camera | 1 | 64298 |
| 3 | Video Conferencing Micro Phone : Panasonic Micro Phone 3 M Radius | 1 | 34500 |
| 4 | UPS – 1 KVA | 1 | 6500 |
| 5 | Broadband Internet Connection – 10MB Unlimited 1 | | 10500 |
| 6 | Sond System - 80W | 1 | 9800 |

| | |
|---|---|
| ആകെ | 400000 |

ആയത് പ്രകാരം ഉപകരണങ്ങൾ വാങ്ങി ചുവടെ ചേർക്കും പ്രകാരം 8 സ്കൂളുകളിലായി വിതരണം ചെയ്തു.

| ക്രമ നം | സ്കൂളിന്റെ പേര് | തുക | ഇൻവോയ്സ് നമ്പർ / തിയ്യതി |
|---|---|---|---|
| 1 | GUPS ചെനക്കലങ്ങാടി | 798000 | PKDBC/0000183 Dt: 31.02.2018 |
| 2 | GLPS പറമ്പിൽപീടിക | 798000 | PKDBC/0000184 Dt: 31.02.2018 |
| 3 | GLPS കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ് | 400000 | PKDBC/0000185 Dt: 31.02.2018 |
| 4 | GLPS കൊയപ്പ | 400000 | PKDBC/0000186 Dt: 31.02.2018 |
| 5 | GLPS കുമണ്ണ | 400000 | PKDBC/0000187 Dt: 31.02.2018 |
| 6 | GLPS ഒളകര | 400000 | PKDBC/0000188 Dt: 31.02.2018 |
| 7 | GLPS നടുക്കര | 400000 | PKDBC/0000189 Dt: 31.02.2018 |
| 8 | GHS പെരുവള്ളൂർ | 400000 | PKDBC/0000190 Dt: 31.02.2018 |
| ആകെ | | 3996000 | |

പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നടത്തിപ്പിന്റെ നിലവിലെ സ്ഥിതി വിവരം അറിയുന്നതിനായി മേൽ പരാമർശിച്ച 8 സ്കൂളുകളിൽ GHS പെരുവള്ളൂർ സ്കൂളിൽ 07.06.2022 ന് നേരിട്ട് പരിശോധിച്ചപ്പോൾ വെർച്വൽ ക്ലാസ്സ് റൂം സ്റ്റുഡിയോക്കായി ലഭ്യമായ ഉപകരണങ്ങൾ ഒരു ക്ലാസ്സ് റൂമിന്റെ മൂലയിൽ കൂട്ടിവെച്ചതായി കണ്ടു. നാളിത് വരെ സ്റ്റുഡിയോ പ്രവർത്തനം ആരഭിച്ചിട്ടില്ല. ഉപകരണങ്ങൾ ഉപയോഗിക്കാതെ നശിച്ച് പോവുന്ന സ്ഥിതി വിശേഷമാണ് പരിശോധനയിൽ കണ്ടെത്തിയത്. സ്കൂളിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമായതിൽ മേൽ ഉപകരണങ്ങൾ ഒന്നും തന്നെ സ്റ്റോക്കിൽ ചേർത്തിട്ടില്ല എന്ന് കാണുന്നു. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമാവുന്ന ഉപകരണങ്ങൾ സ്റ്റോക്കിൽ എടുക്കുന്നില്ല എന്ന് വ്യക്തമായി.

2. മേൽ സ്കൂളിലെ പരിശോധനയുടെ വെളിച്ചത്തിൽ വെർച്വൽ ക്ലാസ്സ് റൂം സ്റ്റുഡിയോ ഒരു സ്കൂളിലും പ്രവർത്തനക്ഷമമായിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ ഇനത്തിൽ ചെലവഴിച്ച 3996000/-രൂപ പാഴ്ചെലവായി.

3. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, പാലക്കാട് എന്ന സ്ഥാപനവുമായി 20.12.2018 ന് ഒപ്പുവെച്ച കരാർ പ്രകാരം പൊതു വിദ്യാഭ്യാസ (ഡി) വകുപ്പിന്റെ 06.01.2018 ലെ സ.ഉ (സാധാ) നം 97/2018/പൊ.വി.വ ഉത്തരവിലെ നിബന്ധനകളാണ് പർച്ചേസിന് അവലംബിച്ചത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ മിനിമം സ്പെസിഫിക്കേഷൻ, പരമാവധി തുക, വിൽപനാനന്തര സേവന വ്യവസ്ഥകൾ എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയത് പ്രകാരം ഉപകരണങ്ങളുടെ വാറണ്ടി പിരീയഡ് 5 വർഷമാണ്. ഇക്കാര്യം സ്കൂൾ അധികൃതരെ ബോധ്യപ്പെടുത്തിയിട്ടില്ല. ഉപകരണങ്ങൾ പ്രവർത്തനക്ഷമമാവാതെ വാറണ്ടി പിരിയേഡ് അവസാനിക്കുന്ന സ്ഥിതി വിശേഷമാണ് ഉള്ളത്.

4. കരാർ 5 (B) പ്രകാരം സാധനങ്ങൾ വിതരണം ചെയ്യാനോ, സേവനം പ്രവർത്തനക്ഷമമാക്കാനോ വൈകുന്ന പക്ഷം Unperformed Service ന് 10% വരെ തുക കുറവ് ചെയ്യാമെന്ന് വ്യവസ്ഥ ഉണ്ടെങ്കിലും ആയത് പാലിച്ചില്ല.

5. കരാർ 6 (A) പ്രകാരം സ്കൂൾ അധികൃതരിൽ നിന്ന് ഇൻസ്റ്റാലേഷൻ റിപ്പോർട്ട് കിട്ടിയാൽ മാത്രമേ തുക നൽകേണ്ടതുള്ളൂ. 21.01.2019 ന് ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്തതായി സ്കൂൾ പ്രധാനാധ്യാപകർ സർട്ടിഫിക്കറ്റ് നൽകിയതായി ഫയലിൽ കാണുന്നു. ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കാതെ ഇത്തരത്തിൽ ഇൻസ്റ്റാലേഷൻ റിപ്പോർട്ട് നൽകിയതിന്റെ കാരണം വ്യക്തമല്ല.

6. കരാർ 11 പ്രകാരം സെക്യൂരിറ്റി ഡോപ്പോസിറ്റ് കോൺട്രാക്ട് കാലാവധി അവസാനിച്ച് മൂന്ന് മാസത്തിനകം മറ്റു

പ്രശ്നങ്ങൾ ഇല്ലെങ്കിൽ മടക്കി നൽകേണ്ടതാണ്. സെക്യൂരിറ്റി ഡോപ്പോസിറ്റ് ഈടാക്കിയതിന്റെയും, റിലീസ് ചെയ്തതിന്റെയും വിവരം ഇല്ല. ഉപകരണങ്ങൾ പ്രവർത്തനക്ഷമമാവാത്തത് മേൽ കാലയളവിൽ കണക്കിലെടുത്തിരുന്നോ എന്നും വ്യക്തമല്ല.

7. കരാർ 13 പ്രകാരംം മെഷിനറികൾ നിശ്ചിത സമയത്തിനകം വിതരണം ചെയ്ത് പ്രവർത്തനക്ഷമമാക്കൽ വിതരണക്കാരന്റെ ഉത്തരവാദിത്തമാണ്. പ്രവർത്തനം തൃപ്തികരമായി നടക്കുന്ന എന്ന് ഉപകരണം കൈപ്പറ്റുന്ന വ്യക്തി നിർണ്ണയിക്കേണ്ടതും, ഗ്യാരണ്ടി പിരീയഡ് തീരുന്നത് വരെ വിതരണക്കാരൻ ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ അത്തരം ഒരു നടപടിയും ഉണ്ടായില്ല.

8. ഉപകരണങ്ങൾ വിതരണം ചെയ്തപ്പോൾ ഇൻവോയ്സിന്റെ പകർപ്പ് സ്കൂൾ അധികൃതർക്ക് നൽകിയില്ല. വാറണ്ടി പിരീയഡ് സംബന്ധിച്ച് സ്കൂൾ അധികൃതരെ ബോധ്യപ്പെടുത്തിയില്ല. വാറണ്ടി പിരീയഡ് ഇൻവോയ്സിൽ രേഖപ്പെടുത്തിയില്ല.

9. പ്രൊജക്ട് തയ്യാറാക്കി ഉപകരണങ്ങൾ സ്കൂളുകളിൽ വിതരണം ചെയ്യുമ്പോൾ കൈപ്പറ്റിന് പുറമെ സ്കൂൾ അധികൃതർ ആയത് സ്റ്റോക്കിൽ എടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കാത്തതും, സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പ് വാങ്ങി സൂക്ഷിക്കാത്തതും ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപമാണ്. സ്റ്റോക്ക് രജിസ്റ്ററിൽ ഇൻവോയ്സ് നമ്പർ/തിയ്യതി, കൈപ്പറ്റിയ തിയ്യതി, ഇനം, സ്പെസിഫിക്കേഷൻ, മോഡൽ നമ്പർ, കമ്പനി, വില, വാറണ്ടി കാലയളവ് പോലുള്ള അടിസ്ഥാന വിവരങ്ങൾ ചേർക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല. വിതരണം ചെയ്ത ഉപകരണങ്ങൾ എല്ലാം തന്നെ നിലവിൽ സ്കൂളുകളിൽ ഉണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം ആവശ്യമാണ്.

10. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യം ഉറപ്പാക്കാതെ പ്രൊജക്ട് നടപ്പിലാക്കിയത് പദ്ധതി പൂർത്തീകരിക്കുന്നതിന് വിഘാതം സൃഷ്ടിച്ചു. സ്കൂൾ അധികൃതരിൽ നിന്ന് ആവശ്യമായ പദ്ധതി നിർദ്ദേശം ആരായാതെ ബ്ലോക്ക് പഞ്ചായത്ത് ഏകപക്ഷീയമായി പ്രൊജക്ട് നടപ്പിലാക്കി അടിച്ചേൽപ്പിച്ചത് പദ്ധതി പണം പാഴ്ചെലവാകുന്നതിന് ഇടയാക്കി.

11. കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം പ്രൊജക്ട് കാര്യക്ഷമത ഇല്ലാതാക്കി. പ്രൊജക്ട് കൊണ്ട് ബ്ലോക്ക് പഞ്ചായത്ത് വിഭാവനം ചെയ്ത ഫലപ്രാപ്തി ലഭ്യമായില്ല.

12. 04-07-2019ലെ (ജി.ഒ(പി) നമ്പർ 77/2019/ഫിൻ ഉത്തരവ് പ്രകാരം KSIE യെ അക്രഡിറ്റ് ഏജൻസിയായി അംഗീകരിച്ചിരിക്കുന്നത് General Civil Construction Works As PMC ആയിട്ടാണ്. മേൽ സർക്കാർ ഉത്തരവിന് വിധേയമായാണ് KSIEയെ പ്രൊജക്ട് നടപ്പാക്കുന്നതിന് തെരഞ്ഞെടുത്തത്.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15(2019-20)/08.06.2022) മറുപടി ലഭ്യമാക്കിയില്ല. 08.06.2022 ന് നടന്ന ഓഡിറ്റ് സമാപന യോഗത്തിൽ ഇക്കാര്യം സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരുടെ യോഗം വിളിച്ച് അടിയന്തിരമായി ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഉപകരണങ്ങൾ വിതരണം ചെയ്ത എല്ലാ സ്കൂളിലും വിശദമായ പരിശോധന നടത്തേണ്ടതും, ഇൻവോയ്സ് പ്രകാരമുള്ള സാധനങ്ങൾ ഉണ്ടോ എന്ന് ഉറപ്പ് വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇല്ലായെങ്കിൽ ഉപകരണങ്ങളുടെ വില നഷ്ടപ്പെട്ടതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിശദമായ മറുപടി ലഭ്യമാക്കി റിപ്പോർട്ട് ചെയ്യുന്നത് വരെ 2019-20 ലെ ചെലവ് തുക 24,96,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-21 ഗവ. സ്കൂളുകളിൽ ഷീ പാഡ് പദ്ധതി - ലക്ഷ്യം നിറവേറിയില്ല

നിർവഹണം : സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്

പ്രൊജക്ട് നമ്പർ / പേര് : 94/20, ഗവ. സ്കൂളുകളിൽ ഷീ പാഡ് പദ്ധതി

അടങ്കൽ തുക : 13,02,287 രൂപ

ചെലവ് : 11,66,068 രൂപ

ബിൽ നമ്പർ/തിയ്യതി : (6/13.05.2019 –291517 രൂപ, 7/13.05.2019 – 291517 രൂപ, 20/22.07.2019 – 583034(രൂപ)

ഫണ്ട് : വികസന ഫണ്ട് ജനറൽ

ഷീ പാഡ്, അവ സൂക്ഷിക്കുന്നതിനുള്ള അലമാര, സംസ്കരണത്തിനുള്ള ഇൻസിനറേറ്റർ എന്നിവ ഗവ. സ്കൂളുകളിൽ വിതരണം ചെയ്യുന്നതിനാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തത്. ഷീ പാഡ് എന്ന സർക്കാർ പദ്ധതി നടത്തിപ്പിന്റെ ഉത്തരവാദിത്തം വനിതാ വികസന കോർപ്പറേഷനെ ഏൽപിച്ചതിന്റെ അടിസ്ഥാനത്തിൽ വനിതാ വികസന കോർപ്പറേഷന്റെ 21.08.2018 ലെ KSWDC/AMP/She Pad/604/2018-19 നമ്പർ കത്ത് പ്രകാരം ഇൻസിനറേറ്റർ ഒന്നിന്

25168/-രൂപ, അലമാര ഒന്നിന് 17380/- രൂപ, സാനിട്ടറി പാഡ് 7 എണ്ണം 16.71/-രൂപ എന്നിങ്ങനെ വില നിശ്ചയിച്ച് വനിതാ വികസന കോർപ്പറേഷനിൽ നിന്ന് മേൽ സാധനങ്ങൾ വാങ്ങിക്കുകയാണ് ചെയ്തത്. ചുവടെ ചേർക്കം പ്രകാരം ബ്ലോക്ക് പരിധിയിലെ 5 സ്കൂളുകളിൽ സാധനങ്ങൾ വിതരണം ചെയ്തു. (ബിൽ/യു.സിനമ്പർ : KSWDC/P5/She Pad/LSGD /MLP/2018-19 Dt: 30.04.2019)

| ക്രമ നം | സ്കൂളിന്റെ പേര് | ഷീ പാഡ് | | അലമാര | | ഇൻസിനറേറ്റർ | |
|---|---|---|---|---|---|---|---|
| | | എണ്ണം (Pack Of 7) | തുക | എണ്ണം | തുക | എണ്ണം | തുക |
| 1 | GUPS കൊടിഞ്ഞി | 5260 | 87895 | 1 | 17380 | 1 | 25168 |
| 2 | GHSS പെരുവള്ളൂർ | 21040 | 351578 | 6 | 104280 | 5 | 125840 |
| 3 | GM HS കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ്, തേഞ്ഞിപ്പലം | 9780 | 163424 | 2 | 34760 | 2 | 50336 |
| 4 | GUPS തേഞ്ഞിപ്പലം | 4200 | 70182 | 1 | 17380 | 1 | 25168 |
| 5 | GUPS അരിയല്ലൂർ | 3000 | 50130 | 1 | 17380 | 1 | 25168 |
| ആകെ | | 43280 | 723209 | 11 | 191180 | 10 | 251680 |
| ആകെ തുക | | | 1166069 | | | | |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഓഡിറ്റിന്റെ ഭാഗമായി 07.06.2022 ന് പദ്ധതി നടപ്പാക്കിയ GHSS പെരുവള്ളൂർ നേരിട്ട് സന്ദർശിച്ചതിൽ പ്രസ്തുത സ്കൂളിലേക്ക് വിതരണം ചെയ്ത 5 ഇൻസിനറേറ്ററുകളും പ്രവർത്തനക്ഷമമായിട്ടില്ല എന്ന് ബോധ്യപ്പെട്ടു. വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്രസ്തുത മെഷീനിന് നാളിതുവരെ വൈദ്യുതി കണക്ഷൻ നൽകി പ്രവർത്തനക്ഷമമാക്കിയിട്ടില്ല. സ്കൂളിലെ 5 ടോയ് ലെറ്റുകളിലാണ് നിലവിൽ മെഷീൻ സ്ഥാപിച്ചത്. പ്രസ്തുത ടോയ് ലെറ്റ് ബ്ലോക്ക് വൈദ്യുതീകരിച്ച കെട്ടിടമല്ല. മെഷീൻ വിതണം ചെയ്യുന്നതിന് മുമ്പ് ആയതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സ്കൂളിൽ ഉറപ്പാക്കുകയോ ഇത് സംബന്ധിച്ച് സ്കൂൾ അധികൃതരിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെടുകയോ ചെയ്തില്ല. ആയതിനാൽ പ്രസ്തുത ഇനത്തിലുള്ള ചെലവ് പാഴ്ചെലവായി.

2. പരിശോധിച്ച സ്കൂളിൽ പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. നിലവിൽ പാഡുകൾ വിതരണം ചെയത് തീർന്നിട്ടുണ്ടെങ്കിലും, പിന്നീട് പാഡുകൾ വാങ്ങിക്കാത്തതിനാൽ മറ്റ് ഉപകരണങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നു. വനിതാ വികസന കോർപ്പറേഷന്റെ 21.08.2018 ലെ കത്തിലും, കരാറിലും ഇത് ഒരു തുടർ പ്രവർത്തനമാണെന്ന് വ്യക്തമാണ്. എന്നാൽ പദ്ധതി തുടർന്ന് പോയില്ല.

3. വനിതാ വികസന കോർപ്പറേഷനുമായി 15.03.2019 ന് ഉണ്ടാക്കിയ 48/2018-9 നമ്പർ കരാർ (E) പ്രകാരം ഉപകരണങ്ങൾ വിതരണം ചെയ്ത് ഇൻസ്റ്റാൾ ചെയ്ത്, പ്രവർത്തനം വിജയകരമായി നടക്കുന്നു എന്ന് കോർപ്പറേഷൻ നിശ്ചയിക്കുന്ന വ്യക്തി നിർണ്ണയിക്കുന്നതോടെയാണ് പ്രവൃത്തി പൂർണ്ണമാകുക. എന്നാൽ അത്തരത്തിൽ ഒരു നടപടി ഉണ്ടായിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് / സ്കൂളുകൾ ആയതിനുള്ള ഭൗതിക സാഹചര്യം ഒരുക്കി നൽകുകയും ചെയ്തിട്ടില്ല.

4. കരാർ 6.5 പ്രകാരം അലമാര, ഇൻസിനറേറ്റർ എന്നിവയുടെ വാറണ്ടി 1 വർഷമാണ്. ഉപകരണം ഇൻസ്റ്റാൾ പോലും ചെയ്യാതെ വാറണ്ടി പിരീയഡ് അവസാനിച്ചു. കരാർ പ്രകാരം സ്കൂൾ / പഞ്ചായത്ത് അധികൃതർക്ക് വാറണ്ടി കാർഡ് കൈമാറേണ്ടതാണ്. ആയത് പരിശോധനക്ക് ലഭ്യമായില്ല.

5. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യം ഉറപ്പാക്കാതെ പ്രൊജക്ട് നടപ്പിലാക്കിയത് പദ്ധതി പൂർത്തീകരിക്കുന്നതിന് വിഘാതം സൃഷ്ടിച്ചു. സ്കൂൾ അധികൃതരിൽ നിന്ന് ആവശ്യമായ പദ്ധതി നിർദേശം ആരായാതെ

ബ്ലോക്ക് പഞ്ചായത്ത് ഏകപക്ഷീയമായി പ്രൊജക്ട് നടപ്പിലാക്കി അടിച്ചേൽപ്പിച്ചത് പദ്ധതി പണം പാഴ്ചെലവാകുന്നതിന് ഇടയാക്കി.

6. കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം പ്രൊജക്ട് കാര്യക്ഷമത ഇല്ലാതാക്കി. പ്രൊജക്ട് കൊണ്ട് ബ്ലോക്ക് പഞ്ചായത്ത് വിഭാവനം ചെയ്ത ഫലപ്രാപ്തി ലഭ്യമായില്ല.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13(2019-20)/08.06.2022) മറുപടി ലഭ്യമാക്കിയില്ല. 08.06.2022 ന് നടന്ന ഓഡിറ്റ് സമാപന യോഗത്തിൽ ഇക്കാര്യം സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരുടെ യോഗം വിളിച്ച് അടിയന്തിരമായി ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഉപകരണങ്ങൾ വിതരണം ചെയ്ത എല്ലാ സ്കൂളിലും വിശദമായ പരിശോധന നടത്തേണ്ടതും, ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. വിശദമായ മറുപടി ലഭ്യമാക്കി റിപ്പോർട്ട് ചെയ്യുന്നത് വരെ ഇൻസിനറേറ്റർ വാങ്ങുന്നതിനായി ചെലഴിച്ച തുക 2,51,680 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-22 അങ്കണവാടി ചുമർ ചിത്രം വരച്ചത്-അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് - അങ്കണവാടി ഹൈടെക് ആക്കി മാറ്റൽ, നം. S0086/2020

അടങ്കൽ - 9,63,972 (വികസന ഫണ്ട്)

ചെലവ് - 7,98,831

അങ്കണവാടികളെ ഹൈടെക് ആക്കി മാറ്റുന്നതിന് സി.ഡി.പി.ഒ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം അങ്കണവാടി മുറ്റത്തേക്ക് കളി ഉപകരണങ്ങൾ, കസേരകൾ, LCD പ്രൊജക്ടർ, ചുമർ ചിത്രങ്ങൾ വരയ്ക്കൽ എന്നിവയ്ക്കായി രൂപ ചെവലഴിച്ചിട്ടുണ്ട്. അഞ്ച് അങ്കണവാടികളിലായി 249 സ്ക്വ.മീറ്റർ ചുമർ ചിത്രം വരച്ചതിന്റെ തുകയായി 1,35,000 രൂപ (ബിൽ നം. 02/13-05-2019 : 6,06,766) അബ്ദുൽ കരീം, സിമ്പിൾ ആർട്സ്, പന്നിപ്പാറ, എടവണ്ണക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

1. പ്രസ്തുത പ്രവൃത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ വാലേഷൻ നടത്തിയിട്ടില്ല.

2. തുക നൽകിയപ്പോൾ 1% വീതം ഇൻകം ടാക്സ്, KCWWF എന്നിവ കുറവ് ചെയ്തിട്ടില്ല.

3. ഏതെല്ലാം അംഗൻവാടികളിലാണ് ചുമർ ചിത്രം വരച്ചിട്ടുള്ളത് എന്ന വിവരം ഫയലിലില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നത് വരെ ചെലവ് തുക 1,35,000 രൂപ തടസ്സം ചെയ്യുന്നു.

## 1-23 പ്രൊജക്ട് നിർവ്വഹണത്തിൽ പുരോഗതി ഇല്ല

പ്രൊജക്ട് : വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലെ തടിയം പറമ്പ് എസ്.സി. കോളനി കുടിവെള്ള പദ്ധതി (70/20 )
അടങ്കൽ : 20 ലക്ഷം

ചെലവ് : 367678 ബിൽ നമ്പർ 1/13.5.2019 (പ്ലാൻ എസ്.സി.പി)

ടി.എസ്. നം : 83456/2017-2018, DsoR 2016, COI 37.25% (RE. PR 5/29.1.2019)

കരാർ നമ്പർ : 1/AEE/2018-19 Date 30.4.2018

എംബുക്ക് നം : 20/18-19

കരാറുകാരൻ : മുസ്തഫ കൊമ്പതീയൽ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹിച്ച ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിൽ താഴെ കൊടുത്ത ഘടകങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

| അപ്പന്റിക്സ് | പ്രവൃത്തി | അടങ്കൽ |
|---|---|---|
| എ | കിണർ പമ്പ് ഹൗസ് നിർമ്മാണം | 510786.88 |
| ബി | വാട്ടയർ ടാങ്ക് | 514691.58 |
| സി | പമ്പിംഗ് മെയിൻ, ഡിസ്ട്രിബ്യൂഷൻ ലൈൻ | 888365.61 |
| ഡി | പമ്പ് സെറ്റ് | 58075.00 |
| | Power Allocation &OYEC Charge | 20,000.00 |
| | ഗ്രാനൈറ്റ് ഫലകങ്ങൾ | 2500.00 |
| | LS | 5581.00 |
| മൊത്തം | | 20,00,000.00 |

പ്രൊജക്ട് ഫയൽ പ്രകാരം പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി താഴെ പറയുന്നു.

ഗ്രൗണ്ട് വാട്ടർ വകുപ്പ് മലപ്പുറം ജില്ലാ ഓഫീസറുടെ ജി.എം/2272/17 തീയ്യതി.04.4.2018 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം അപ്പന്റിക്സ് എ യിൽ ഉൾപ്പെട്ട കിണർ നിർമ്മാണം 04.3.2019 ന് പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ ഒന്നും തന്നെ നാളിതുവരെ നിർവ്വഹിച്ചിട്ടില്ല. ജി.എം/2272/17 തീയ്യതി.18.3.2019 കത്തിൽ പമ്പിംഗ് ടെസ്റ്റിന് 7105 രൂപ അടവാക്കാൻ മുൻ പറഞ്ഞ ഉദ്യോഗസ്ഥൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തുക അടവാക്കുകയോ പമ്പിംഗ് ടെസ്റ്റ് നടത്തുകയോ ചെയ്തിട്ടില്ല.

പമ്പിംഗ് ടെസ്റ്റ് നടത്താതിരുന്നതിനും എസ്റ്റിമേറ്റ് പ്രാകാരമുള്ള മറ്റ് പ്രവൃത്തികൾ നിർവ്വഹിക്കാതിരുന്നതിനും വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/06.6.2022 ന് ലഭ്യമാക്കിയ 8.6.2022 തീയ്യതിയിലെ മറുപടിയിൽ ശാസ്ത്രീയമായ നടപടികൾ സ്വീകരിച്ച് പ്രൊജക്ട് തുടർന്ന് കൊണ്ടുപോകുന്നതാണെന്ന് അറിയിച്ചു. വിഷയത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റിന് അടിസ്ഥാന സൗകര്യം ഒരുക്കൽ - ഇലക്ട്രിഫിക്കേഷൻ - പദ്ധതി ഉപേക്ഷിച്ചത് സംബന്ധിച്ച്.

പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റിന് അടിസ്ഥാന സൗകര്യം ഒരുക്കാൻ വേണ്ടി 2017-18 ൽ ആവിഷ്കരിച്ച പ്രൊജക്ട് (112/18) (TS.107982/2017-18) (നിർവ്വഹണം.അസിസ്റ്റന്റ് എഞ്ചിനീയർ) തൻവർഷം സ്പിൽ ഓവറായി തുടർന്ന് (105/20) നിർവ്വഹണം പൂർത്തിയാക്കിയിട്ടുണ്ട്. 2143523 രൂപ പ്രവൃത്തി മൂല്യം (എം.ബുക്ക്.304/2018-19) കണക്കാക്കി കരാറുകാരന് പ്രസ്തുത തുക താഴെ കൊടുത്ത പ്രകാരം അനുവദിച്ചിട്ടുമുണ്ട്.

| ബിൽ | തുക | ബിൽ നമ്പർ | ഫണ്ട് |
|---|---|---|---|
| 1 പാർട് | 1279730.00 | BRN.18150663017101377581/14.3.2019 | പ്ലാൻ ഫണ്ട് |
| 2 പാർട് | 332851.00 | ചെക്ക് നമ്പർ 008973/30.3.2019 | നിർമ്മൽ പുരസ്കാരം |
| 3 ഫൈനൽ | 410672.00 | ചെക്ക് നമ്പർ 10533/13.1.2020 | നിർമ്മൽ പുരസ്കാരം |
| റിടെൻഷൻ | 120270.00 | ബിൽ നമ്പർ | പ്ലാൻ ഫണ്ട് |
| ആകെ | 2143523 | | |

അതുപോലെ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ ഇലക്ട്രിഫിക്കേഷന് വേണ്ടി 2019-20 ൽ ആവിഷ്കരിച്ച പ്രൊജക്ട് (48/20) (TS.124/E/LSGD/Electrical Committee/2019-20, 372000 രൂപ) (നിർവ്വഹണം.അസിസ്റ്റന്റ് എഞ്ചിനീയർ) തൻവർഷം നിർവ്വഹണം പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്റെ പ്രവൃത്തി മൂല്യം 339486 രൂപ (MB.401/2019-20) കരാറുകാരന് ക്യൂ ബിൽ ആയി 2020-21 ൽ അനുവദിച്ചിട്ടുമുണ്ട് (ബിൽ നമ്പർ.13/23.4.2020, പ്രൊജക്ട് 105/21 , MG(NR)).

മേൽ പ്രൊജക്ടുകളുടെ നിർവ്വഹണം സബന്ധിച്ച് താഴെ പറഞ്ഞ വസ്തുതകൾ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

കെട്ടിട നിർമ്മാണത്തിന് ചെലവ് ചെയ്ത തുകയിൽ 743523 രൂപ നിർമ്മൽ പുരസ്കാരമിനത്തിലുള്ളതാണ്. പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ പ്രൊജക്ട് ഉപേക്ഷിച്ച സാഹചര്യത്തിൽ ശുചിത്വമേഖലയിൽ ചെലവഴിക്കേണ്ട പ്രസ്തുത ഫണ്ട് കെട്ടിടനിർമ്മാണത്തിന് വിനിയോഗിക്കപ്പെട്ടിരിക്കുകയാണ്.

പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഇനം പ്രവൃത്തികൾ ഉൾപ്പെടുത്തിയാണ് ഇലക്ട്രിഫിക്കേഷന് വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും, പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതും. പ്രൊജക്ട് ഉപേക്ഷിച്ച സാഹചര്യത്തിൽ ഇപ്രകാരം ഉൾപ്പെടുത്തിയ ഇനങ്ങൾക്ക് വേണ്ടി ചെലവ് ചെയ്ത തുക പാഴ്ചെലവായിരിക്കുകയാണ്.

പ്രൊജക്ടിന്റെ ആസൂത്രണത്തിലുണ്ടായ അപാകത മൂലമാണ് ( ഇത് സംബന്ധിച്ച് 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ വിശദമാക്കിയിട്ടുണ്ട്) അടിസ്ഥാന സൗകര്യങ്ങൾ കാലതാമസം കൂടാതെ ഏർപ്പെടുത്തുന്നതിനും പ്രൊജക്ട് പ്രവർത്തന സജ്ജമാക്കുന്നതിനും സാധ്യമാകാതിരുന്നത് എന്ന് വ്യക്തമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 2019-20 ഓഡിറ്റ് വേളയിൽ പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം. | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.ഡബ്ല്യു.എ | പ്രൊ.നം-19/20 വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലെ വെള്ളേപ്പാടം എസ്.സി കോളനി ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | ബിൽനം-49/19-20 /20.03.20 | 110000 | 0 | യു.സി ലഭ്യമായിട്ടില്ല | 110000 |
| | പ്രൊ.നം-5/20 തേഞ്ഞിപ്പലം കുറ്റിപ്പാല – കള്ളിക്കുഴി റോഡ് ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | ബിൽനം-45/19-20 /24.01.20 | 300000 | 0 | യു.സി ലഭ്യമായിട്ടില്ല | 300000 |
| കെ.എസ്.ഇ.ബി | പ്രൊ.നം- 08/20 ബ്ലോക്ക് പരിധിയിൽ ഇലക്ട്രിക്ക് ലൈൻ ദീർഘിപ്പിക്കൽ | 24/19-20 /16.08.19 | 977040 | 2961490 | 349420 രൂപയുടെ യു.സി ലഭ്യമായിട്ടില്ല | 349420 |
| | | 25/19-20 /16.08.19 | 89446 | | | |
| | | 34/19-20 /30.09.19 | 831132 | | | |
| | | 36/19-20 /19.10.19 | 97186 | | | |

| | |
|---|---|
| 37/19-20 /19.10.19 | 159293 |
| 54/19-20 /20.03.20 | 300000 |
| 38/19-20 /24.11.19 | 70312 |
| 39/19-20 /24.11.19 | 131757 |
| 40/19-20 /24.01.20 | 173881 |
| 46/19-20 /24.01.20 | 75663 |
| 47/19-20 /24.01.20 | 55780 |
| 55/19-20 /20.03.20 | 349420 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

ഇല്ല

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3(32) | 2010-11 | | ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകിയ അഡ്വാൻസുകൾ തിരികെ ഈടാക്കുന്നത്. | നടപടികൾ തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ.

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

എ)

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49799279 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57668544 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 8347395 |

ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

സി).ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 5295 | ശ്രീ ജോബിൻ മാരുതി പറമ്പിൽ ,സെക്രട്ടറി |
| 1-15 | 1000000 | ശ്രീ ജോബിൻ മാരുതി പറമ്പിൽ ,സെക്രട്ടറി |
| 1-16 | 3,49,420 | ശ്രീ ജോബിൻ മാരുതി പറമ്പിൽ ,സെക്രട്ടറി |
| 1-17 | 4,10,000 | ശ്രീ ജോബിൻ മാരുതി പറമ്പിൽ ,സെക്രട്ടറി |
| 1-18 | 1000000 | ശ്രീ ജോബിൻ മാരുതി പറമ്പിൽ ,സെക്രട്ടറി |
| 1-19 | 27,00,000 | ശ്രീ ജോബിൻ മാരുതി പറമ്പിൽ ,സെക്രട്ടറി |
| 1-20 | 24,96,000 | ശ്രീ ജോബിൻ മാരുതി പറമ്പിൽ ,സെക്രട്ടറി |
| 1-21 | 2,51,680 | ശ്രീ ജോബിൻ മാരുതി പറമ്പിൽ ,സെക്രട്ടറി |
| 1-22 | 1,35,000 | ശ്രീമതി പ്രേമലീല വി കെ , ശിശു വികസന പദ്ധതി ഓഫീസർ |
| ആകെ | 8347395 | |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 97-98 | എൽ.എഫ്.എം.04/3202/14 03.10.15 | 7 | |
| 99-00 | എൽ.എഫ്.എം.04/3202/14(2) 01.01.15 | 1 | |
| 2000-01 | എൽ.എഫ്.എം.04/3202/14(5) 01.01.15 | 1 | |
| 2001-02 | എൽ.എഫ്.എം.04/3202/14(6) 01.01.15 | 1 | |
| 02-03 | എൽ.എഫ്.എം.04/3202/14(7) 01.01.15 | 4 | |
| 03-04 | എൽ.എഫ്.എം.4/3202/14(8) 01.01.15 | 1 | |
| 04-05 | എൽ.എഫ്.എം.4/3202/14(9) 1.1.15 | 3 | |
| 05-06 | എൽ.എഫ്.എം.4/7202/14(10)/1.1.15 | 3 | |
| 06-07 | എൽ.എഫ്.എം.4/3202/14(11) 05.01.15 | 4 | |
| 07-08 | എൽ.എഫ്.എം.16/2050/12/09.09.16 | 17 | |
| 08-09-11-12 | എൽ.എഫ്.എം.4/3202/14/09.09.16 | 6 | |
| 12-13-13-14 | എൽ.എഫ്.എം.4/2483/14/23.04.15 | 6 | |
| 2014-15 | കെ.എസ്.എ.എംപിഎം.4/345/16/9.3.16 | 11 | |
| 2015-16 | കെ.എസ്.എ.എംപിഎം.4/551/17/17.3.17 | 10 | |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.4/2337/2017 തി.01-11-2017 | 10 | |
| 2017-18 | നം കെ എസ് എ എം പി എം4/2860/18 തി.18-01-2019 | 10 | |

| | | | |
|---|---|---|---|
| 2018-19 | നം കെ എസ് എ എം പി എം4/999/2020 തി.15.02.2021 | 7 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്